ശ്രീ. ഐ. ഐ. വേലായുധൻ : പബ്ലിക് വർക്സ് ഡിപ്പാർട്ടമെന്റിന്റെ മേൽനോട്ടത്തിലാണ്.

ശ്രീ. പി. കെ. ശ്രീധരൻ : പബ്ലിക് വർക്സ് ഡിപ്പാർട്ടമെന്റിൽനിന്നും ഇരിന്നള്ള ഡ്രില്ലിംഗ് മെഷീൻ പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലേയ്ക്ക് ഹാൻഡോവർ ചെയ്തിരിക്കുകയാണ് എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. എ. എ. റഹിം : സർ, പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ കുഴൽക്കിണറുകൾ കുഴിക്കുന്നതു സംബന്ധിച്ചുള്ള പ്രവൃത്തികൾ ചെയ്യുവരികയാണ്. അതിന്റെ പ്രവർത്തനഫലമായി മൂന്നു നാലു ഡ്രില്ലിംഗ് മെഷീനുകൾ ആ ഡിപ്പാർട്ടുമെന്റിലുണ്ട്. കൂടാതെ പഞ്ചായത്തുകളുടെ ആവശ്യത്തിലേയ്ക്കുള്ള ഡ്രില്ലിംഗ് മെഷീനുകൾ വന്നിട്ടുണ്ട്. ഇതിനും പുറമെ രണ്ടു ഡ്രില്ലിംഗ് മെഷീനുകൾകൂടി സെൻട്രൽഗവണ്മെന്റിൽനിന്നും അയച്ചുതരാമെന്നു പറഞ്ഞിട്ടുണ്ട്. അതുംകൂടി ലഭിച്ചു കഴിഞ്ഞാൽ എല്ലാസ്ഥലത്തേയ്ക്കും ആവശ്യമുള്ള കുഴൽക്കിണറുകൾ കുഴിപ്പിക്കാൻ സൗകര്യം ലഭിക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : അപ്പോൾ ഈ ലിസ്റ്റനുസരിച്ചു പ്രയോറിറ്റി വെച്ചു വംശം ഉദ്ദേശിക്കുന്നതു? മറ്റു സ്ഥലങ്ങളിൽക്കൂടി കുഴൽക്കിണറുകൾ സ്ഥാപിക്കുവാൻ ശ്രമിക്കുമോ?

ശ്രീ. എ. എ. റഹിം : ലിസ്റ്റനുസരിച്ചുള്ള പ്രയോറിറ്റി ഉണ്ടായിരിക്കും. കൂടാതെ മറ്റു സ്ഥലങ്ങളിലും കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതാണ്.

Tapioca market Expansion Board.

* 214. [26] ശ്രീ. ടി. ദിവാകരൻ : തെരഞ്ഞെടുക്കപ്പെട്ട ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മരച്ചീനി മാർക്കറ്റ് എക്സ്പാൻഷൻ ബോർഡു് സംഘടിപ്പിച്ചതിനുശേഷം ആഗസ്റ്റു് അവസാനംവരെ എത്ര യോഗം കൂടിയിട്ടുണ്ടു്;

(ബി) ടി യോഗങ്ങളിൽ എന്തെല്ലാം തീരുമാനങ്ങളെടുത്തു;

(സി) ഈ തീരുമാനങ്ങളിൽ നടപ്പിൽവരുത്തുന്നതിനു് ഗവണ്മെന്റിനിന്നും എന്തു നടപടികൾ സ്വീകരിച്ചു;

(ഡി) ബോർഡിന്റെ പ്രവർത്തനത്തിനുശേഷം ആഗസ്റ്റു് അവസാനംവരെ 25-4-55-ലെ ഉത്തരവിൻപ്രകാരമുള്ള പ്രചാരണത്തിനു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, സഞ്ചാരച്ചെലവിനത്തിൽ എത്ര രൂപ ചെലവായി;

(ഇ) എത്ര മരച്ചീനി സഹകരണസംഘങ്ങൾക്കു രൂപീകരിച്ചു; എത്ര ഗ്രാന്റു നൽകി;

(എഫ്) എത്ര ഡിപ്പോകൾ ആഗസ്റ്റുമാസം അവസാനംവരെ തുറന്നു, എത്ര ടൺ മരച്ചീനി വാങ്ങി; എത്ര ടൺ വിറ്റഴിച്ചു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) രണ്ടു യോഗം കൂടിയിട്ടുണ്ടു്,

LIBRARY ARCHIVES Kerala Legislative Assembly

(ബി) താഴെ പറയുന്ന തീരുമാനങ്ങൾ ഈ യോഗങ്ങളിൽ എടുത്തു:—

(1) ഓരോ താലൂക്കിലും ഉള്ള വെള്ളക്കപ്പയുടെ കോട്ടാ നിശ്ചയിച്ച് ഗവണ്മെൻറിലേയ്ക്കു ശുപാർശചെയ്യുക.

(2) ദേവികുളവും പീരുമേടും മരച്ചീനിവാങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഗവണ്മെൻറിലേയ്ക്കു ശുപാർശചെയ്യുക

(3) താഴെപ്പറയുന്ന സബ്ബ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു.

കൃഷി (കൾട്ടിവേഷൻ)

ഉപയോഗം (കൺസംപ്ഷൻ)

വ്യവസായസാദ്ധ്യതകൾ (ഇൻഡസ്ട്രീയൽ യൂസസ്)

വിപണിയും പ്രചരണവും (മാർക്കറ്റിംഗ് ആൻഡ് പ്രൊപ്പഗാൻഡാ)

(സി) ബോർഡിൻെറ ശുപാർശകൾ സ്വീകരിച്ചുകൊണ്ട് ഗവണ്മെൻറ് ഉത്തരവുകൾ പാസ്സാക്കി.

(ഡി) 11,565 രൂപ, 14 ണ. ചെലവായി.

(ഇ, എഫ്) പുതിയതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രൂപീകരിച്ചു. നിലവിലിരുന്നതിൽ 3 സംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പടെ ഇപ്പോൾ 197 മരച്ചീനിസഹകരണസംഘങ്ങളുണ്ട്. ഓരോ സംഘത്തിനും 200 രൂപവീതം ഗ്രാൻറ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ 16 ഡപ്പോകൾ തുറന്നു. ആഗസ്റ്റുമാസം അവസാനംവരെ 9184 ടൺ 10 ഹ. 25 പൗണ്ട് ഉണക്കിയ മരച്ചീനി വിലയ്ക്കുവാങ്ങി. വിൽപ്പന ഇതുവരെ തുടങ്ങിയിട്ടില്ല.

മുനിസിപ്പാലിറ്റികൾക്കുള്ള ലോൺ.

* 215. [27] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികൾക്ക് ലോൺ കൊടുക്കുന്ന വിഷയത്തിൽ ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്തു;

(ബി) പെരുമ്പാവൂർ മുനിസിപ്പാലിറ്റി ലോണിനു അപേക്ഷിച്ചിരുന്നുവോ:

(സി) 1955-56-ൽ എത്ര തുക അനുവദിച്ചു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മുനിസിപ്പാലിറ്റി മുടെ പ്രത്യേകാവശ്യം, നിശ്ചിതകാലാവധിക്കുള്ളിൽ മടക്കിക്കൊടുക്കുവാനുള്ള ധനശേഷി മുതലായവ പരിഗണിച്ചാണ് ലോൺ നൽകുന്നതു്. കൂടാതെ ലോണിനു അപേക്ഷിക്കുന്ന മുനിസിപ്പാലിറ്റികൾ, ലോൺ അതാറിട്ടീസ് ലോൺ ആക്റ്റിലേയും, ലോക്കൽ അതാറിട്ടീസ് ലോൺ റൂളുകളിലേയും നിബന്ധനകൾ അനുസരിക്കേണ്ടതുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly